

“ തമിഴ്നാടിന്റെ തീരമേഖലയിൽ സുരക്ഷ ശക്തിപ്പെടുത്തണം. ശ്രീലങ്കയുടെ സാമീപ്യം ഓർക്കേണ്ടതാണ്. കേന്ദ്ര- സംസ്ഥാന ഏജൻസികൾ കൈകോർത്തു പ്രവർത്തിക്കണം.

തമിഴ്നാട് ഉപമുഖ്യമന്ത്രി
എം.കെ. സ്റ്റാലിൻ



“ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാൻ ഇന്ത്യയ്ക്ക് അമേരിക്കയുടെ സഹായം വേണ്ട. പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹരിക്കണമെന്ന് ഇന്ത്യയും പാകിസ്ഥാനും ആഗ്രഹിക്കുന്നു. തെറ്റിദ്ധാരണകൾ അകറ്റാൻ ചർച്ച കൂടിയേ കഴിയൂ.

യു.എസ് പ്രതിരോധ സെക്രട്ടറി
റോബർട്ട് ഗേറ്റ്സ്

2010 ഫെബ്രുവരി 9 ചൊവ്വ
കേരളകൗമുദി
തിരുവനന്തപുരം





വിക്ടർ യനുകോവിച്ച്, യൂലിയ തിമോഷെൻകോ

## ഉക്രെയിനിൽ യനുകോവിച്ചിന് ജയം

കീവ് : ഉക്രെയിനിൽ പ്രതിപക്ഷ നേതാവ് വിക്ടർ യനുകോവിച്ച് പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ വിജയം ഉറപ്പാക്കി. ഇപ്പോഴത്തെ പ്രധാനമന്ത്രി യൂലിയ തിമോഷെൻകോയാണ് തോറ്റ സ്ഥാനാർത്ഥി. റഷ്യയോട് വളരെയേറെ ആഭിമുഖ്യം പുലർത്തുന്ന നേതാവാണ് യനുകോവിച്ച്. വിദേശനയത്തിൽ ഇതു പ്രകടമാവുമെന്നാണ് പരക്കെയുള്ള വിശ്വാസം. രാഷ്ട്രീയ നേതാവാകുംമുമ്പ് മെക്കാനിക്കായിരുന്നു ഈ 59 കാരനായ മുൻ പ്രധാനമന്ത്രി.

അതിനിടെ തിരഞ്ഞെടുപ്പുഫലത്തെ ഇപ്പോഴത്തെ പ്രസിഡന്റ് ചോദ്യം ചെയ്യുമെന്ന അഭ്യൂഹം ബലപ്പെട്ടിരിക്കുകയാണ്. യനുകോവിച്ച് സ്ഥാനമൊഴിയാൻ ആവശ്യപ്പെട്ടപ്പോൾ അവർ വിസമ്മതിച്ചതാണ് ഇതിനടിസ്ഥാനം.

## പാകിസ്ഥാന് ഇന്ത്യ വഴങ്ങി: ഖുറേഷി



ഇസ്ലാമബാദ് : പാകിസ്ഥാൻ സ്വന്തം നിലപാടിൽ ഉറച്ചു നിന്നതുകൊണ്ടാണ് ഇന്ത്യ ഉഭയകക്ഷി ചർച്ചയ്ക്ക് വഴങ്ങിയതെന്ന് പാക് വിദേശകാര്യമന്ത്രി ഷാ മെഹ്മൂദ് ഖുറേഷി പറഞ്ഞു. എല്ലാ ബന്ധവും വിച്ഛേദിക്കുമെന്നു പറഞ്ഞ ഇന്ത്യ ഇപ്പോൾ നമ്മുടെ വഴിക്കുവന്നിരിക്കുകയാണ്. അവരുടെ മുന്നിൽ നമ്മൾ മുട്ടുമടക്കിയിട്ടില്ല-ഖുറേഷി പറഞ്ഞു.

ഈ മാസം വിദേശകാര്യ സെക്രട്ടറിമാർ തമ്മിൽ ചർച്ച നടത്താൻ ഇരുരാജ്യങ്ങളും ധാരണയിൽ എത്തിയ പശ്ചാത്തലത്തിലാണ് പാക് മന്ത്രി മുൾട്ടാനിൽ ഇങ്ങനെ പ്രസംഗിച്ചത്.



കാശ്മീരിലെ ഗുൽമാർഗിൽ മഞ്ഞുമലയിൽ കുടുങ്ങിയ സൈനികരെ രക്ഷപ്പെടുത്താൻ മഞ്ഞുപാളികൾ നീക്കം ചെയ്തു വഴിയൊരുക്കുന്നു

# പാവപ്പെട്ട മുസ്ലിങ്ങൾക്ക് ബംഗാളിൽ സംവരണം

കൊൽക്കത്ത : പാവപ്പെട്ട മുസ്ലിങ്ങൾക്ക് സർക്കാർ സർവീസിൽ പത്തു ശതമാനം സംവരണം ഏർപ്പെടുത്താൻ പശ്ചിമബംഗാൾ ഗവൺമെന്റ് തീരുമാനിച്ചു.

കേന്ദ്രസർക്കാർ നിയോഗിച്ച രംഗനാഥമിശ്ര കമ്മിഷന്റെ ശുപാർശയാണ് തങ്ങൾ നടപ്പാക്കുന്നതെന്ന് മുഖ്യമന്ത്രി ബുദ്ധദേവ് ഭട്ടാചാര്യ പത്രസമ്മേളനത്തിൽ പറഞ്ഞു.

മുസ്ലിങ്ങളെ ഒ.ബി.സി വിഭാഗത്തിൽ ഉൾപ്പെടുത്തും. ഒ.ബി.സി വിഭാഗത്തിന് ഏഴുശതമാനം സംവരണമാണ് സംസ്ഥാനത്ത് നിലവിലുള്ളത്. പുതിയ തീരുമാനത്തോടെ ഇത് 17 ശതമാനമായി ഉയരും.

എന്നാൽ, ക്രീമിലെയറിൽപ്പെട്ട മുസ്ലിങ്ങൾക്ക് സംവരണാനുകൂല്യം ലഭിക്കില്ല. പാവപ്പെട്ട മുസ്ലിങ്ങളെ കണ്ടെത്താൻ പ്രത്യേക സമിതിയെ നിയോഗിക്കും.

## ആന്ധ്ര ഹൈക്കോടതി മുസ്ലിം സംവരണം റദ്ദാക്കി

ഹൈദരാബാദ് : സംസ്ഥാന സർക്കാർ സർവീസിൽ മുസ്ലിങ്ങൾക്ക് നാലു ശതമാനം സംവരണം ഏർപ്പെടുത്തിയ നടപടി ആന്ധ്ര ഹൈക്കോടതി റദ്ദാക്കി. സംവരണ നിയമം നിലനിൽക്കുന്നതല്ലെന്നും നടപ്പാക്കാൻ കഴിയില്ലെന്നും കോടതി വ്യക്തമാക്കി. വിദ്യാലയ പ്രവേശനത്തിലും സർക്കാർ ഉദ്യോഗങ്ങളിലും മുസ്ലിങ്ങളിലെ 15 വിഭാഗങ്ങൾക്ക് 4 ശതമാനം സംവരണം ഏർപ്പെടുത്തിക്കൊണ്ട് 2007-ലാണ് കോൺഗ്രസ് ഗവൺമെന്റ് നിയമം കൊണ്ടുവന്നത്. ഇതിനെ ചോദ്യം ചെയ്ത് ഒരുകൂട്ടം ഹർജികൾ ഹൈക്കോടതിയിൽ എത്തി. വാദം കേട്ട ഏഴംഗ ബെഞ്ചാണ് ഇപ്പോൾ ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്. സംവരണം ബാധകമാക്കുന്നതിനെതിരെയുള്ള ഹർജികൾ സുപ്രീംകോടതിയിൽ എത്തിയെങ്കിലും ഹൈക്കോടതി വാദം കേട്ടു വിധി പറയാനായിരുന്നു നിർദ്ദേശം. 2005-ൽ എക്സിക്യൂട്ടീവ് ഉത്തരവിലൂടെ മുഖ്യമന്ത്രിയായിരുന്ന വൈ.എസ്. രാജശേഖരറെഡ്ഡി സംവരണം ബാധകമാക്കിയതും ഹൈക്കോടതി റദ്ദാക്കുകയുണ്ടായി.

## ഫോൻസേക അറസ്റ്റിൽ

കൊളംബോ: ശ്രീലങ്കയിൽ ഗവൺമെന്റിനെ അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയെന്ന ആരോപണത്തിന് വിധേയനായ മുൻ സൈനിക മേധാവി ജനറൽ ശരത് ഫോൻസേകയെ അറസ്റ്റു ചെയ്തു. ഇന്നലെ അദ്ദേഹത്തിന്റെ ഓഫീസിൽ നിന്നാണ് അറസ്റ്റു ചെയ്തത്. ഫോൻസേകയെ അജ്ഞാത കേന്ദ്രത്തിലേക്ക് കൊണ്ടുപോയതായാണ് റിപ്പോർട്ട്.

അതേസമയം മുൻസൈനിക മേധാവിയെന്ന യാതൊരു പരിഗണനയും നൽകാതെയാണ് ഫോൻസേകയെ അറസ്റ്റു ചെയ്തതെന്ന് ശ്രീലങ്കൻ മുസ്ലീം കോൺഗ്രസ് നേതാവ് റൗഫ് ഹക്കീം പറഞ്ഞു.

അറസ്റ്റു ചെയ്യാനെത്തിയ സുരക്ഷാ ഉദ്യോഗസ്ഥർ ഫോൻസേകയെ ഓഫീസിൽ നിന്ന് വലിച്ചിഴച്ചാണ് കൊണ്ടുപോയത്. ഗൂഢാലോചന കുറ്റത്തിന് ഫോൻസേകയെ സൈനിക കോടതിയിൽ വിചാരണ ചെയ്യാൻ സാധ്യതയുണ്ടെന്ന് റിപ്പോർട്ടുകൾ വന്നതിനു പുറകെയാണ് അറസ്റ്റ്. ഫോൻസേകയെ കോർട്ട്മാർഷൽ ചെയ്യാൻ സർക്കാർ നിയമോപദേശം തേടിയിരുന്നു. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ പ്രസിഡന്റ് രാജപക്സെയുടെ എതിരാളിയായിരുന്നു ഫോൻസേക.

## സ്മാർട്ട്സിറ്റി : മദ്ധ്യസ്ഥത വഹിക്കാമെന്ന് യൂസഫലി

ന്യൂഡൽഹി : മുഖ്യമന്ത്രിയും കേരള സർക്കാരും ആവശ്യപ്പെടുകയാണെങ്കിൽ സ്മാർട്ട്സിറ്റി പ്രശ്നത്തിൽ മദ്ധ്യസ്ഥത വഹിക്കാമെന്ന് പ്രമുഖ എൻ.ആർ.ഐ വ്യവസായി എം.എ. യൂസഫലി പറഞ്ഞു.

ടീകോമിന് സാമ്പത്തിക പ്രതിസന്ധിയുണ്ടെന്ന് കരുതുന്നില്ല. സ്മാർട്ട്സിറ്റി കേരളത്തിന് ആവശ്യമാണ്. അതുകൊണ്ടാണ് ഇക്കാര്യത്തിൽ താത്പര്യമെടുക്കുന്നത്. ഇക്കാര്യം മുഖ്യമന്ത്രിയെ അറിയിച്ചു.

ഫിക്കി സംഘടിപ്പിച്ച ഇൻഡോ- അറബ് ഉച്ചകോടിക്കിടെ മാദ്ധ്യമപ്രവർത്തകരോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

## ഗൾഫിലെ ഇന്ത്യക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കണം

ന്യൂഡൽഹി : ഗൾഫിൽ ജോലി ചെയ്യുന്ന മലയാളികൾ അടക്കമുള്ള ഇന്ത്യൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി ശശി തരൂർ ആവശ്യപ്പെട്ടു.

ഫിക്കി സംഘടിപ്പിച്ച രണ്ടാമത് ഇന്തോ-അറബ് നിക്ഷേപ ഉച്ചകോടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള 11 മന്ത്രിമാർ പങ്കെടുക്കുന്ന ഉച്ചകോടിയിൽ ഇന്ത്യൻ തൊഴിലാളികളുടെ പ്രശ്നങ്ങൾ ശശി തരൂർ വിശദമായി അവതരിപ്പിച്ചു.

3800 കോടി ഡോളറിന്റെ നിക്ഷേപം ഇന്ത്യയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടെയാണ് ഉച്ചകോടി സംഘടിപ്പിച്ചിരിക്കുന്നത്.

## കാണാതായ നടി കനക തിരിച്ചെത്തി

ചെന്നൈ: ദുരൂഹ സാഹചര്യത്തിൽ കഴിഞ്ഞ ദിവസം ചെന്നൈയിലെ വസതിയിൽ നിന്ന് കാണാതായ ചലച്ചിത്ര നടി കനക തിരിച്ചെത്തി. കാണാതായ മുൻ ഭർത്താവ് മുത്തുകുമാറിനെ അന്വേഷിച്ചുപോയതാണെന്നാണ് കനക പൊലീസിനോടു പറഞ്ഞത്. മുത്തുകുമാറിനെ മൂന്നുപേർ ഉൾപ്പെട്ട സംഘം തട്ടിക്കൊണ്ടുപോയതാണെന്നും, ആവി അമുദ എന്ന മന്ത്രവാദിയാണ് സംഘത്തലവനെന്ന് സംശയിക്കുന്നതായും കനക പറഞ്ഞു. അതേസമയം ചെന്നൈയിൽത്തന്നെയുള്ള ആവി അമുദ ഈ ആരോപണം നിഷേധിച്ചിട്ടുണ്ട്. മുത്തുകുമാറുമായുള്ള വിവാഹബന്ധം കനക നേരത്തേ ഒഴിഞ്ഞിരുന്നു.



## തുണിക്കട കുത്തിത്തുറന്ന് ലക്ഷങ്ങളുടെ കവർച്ച

കല്ലറ: മുതുവിള ജംഗ്ഷനിലെ ഗുരുദേവ ടെക്സ്റ്റൈൽകുത്തിത്തുറന്ന് ലക്ഷങ്ങളുടെ തുണിത്തരങ്ങൾ മോഷ്ടിച്ചു. കടയുടെ പിൻവശം പൊളിച്ചാണ് അകത്തുകയറിയത്. തുണികൾ, റെഡിമേഡ് ഗാർമെന്റ്സ്, മൊബൈൽ റീചാർജ്കൂപ്പണുകൾ ഉൾപ്പെടെ അഞ്ച് ലക്ഷത്തോളം രൂപയുടെ സാധനങ്ങൾ മോഷ്ടിച്ചതായി കടയുടമ പ്രസേനൻ പറഞ്ഞു. മേശയിലുണ്ടായിരുന്ന 5500 രൂപയും മോഷണം പോയി. പാങ്ങോട് പൊലീസ് അന്വേഷണം ആരംഭിച്ചു.

## ഉദയാ മ്യൂസിക് ഉദ്ഘാടനം ചെയ്തു

തിരുവനന്തപുരം: ഉദയാ മ്യൂസിക് ഉദ്ഘാടനം മുൻ ഇന്ത്യൻ അംബാസഡർ ടി.പി. ശ്രീനിവാസൻ നിർവഹിച്ചു. ഉദയാ ഗ്രൂപ്പിന്റെ ആദ്യ ഓഡിയോ ആൽബം 'സ്പന്ദന'ത്തിന്റെ കോപ്പികൾ പ്രശസ്ത വയലിനിസ്റ്റ് സി.എസ്. ബാലഭാസ്കർ ഗാനരചയിതാവ് ബിച്ചുതിരുമല, പിന്നണി ഗായകൻ കെ.പി. ഉദയഭാനു എന്നിവർക്ക് നൽകി പ്രകാശനം ചെയ്തു. ഗ്രാൻഡ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ഡയറക്ടർ കെ.എൻ. സതീഷ്, ചലച്ചിത്ര സംവിധായകൻ ടി.കെ. രാജീവ്കുമാർ എന്നിവർ സംസാരിച്ചു. എൻജിനിയറിംഗ് ബിരുദധാരിയും ബാംഗ്ളൂർ ഇൻഫോസിസ് ഉദ്യോഗസ്ഥനുമായ ഉണ്ണി ഉദയകുമാർ രചനയും സംഗീതവും നിർവഹിച്ച ഗാനങ്ങളാണ് ആൽബത്തിലുള്ളത്. ഒരു ഗാനം അദ്ദേഹം തന്നെ പാടി. എം.ജി. ശ്രീകുമാർ, സുജാത, വിധുപ്രതാപ്, സുധീപ്കുമാർ, രവിശങ്കർ, സരിത രാജീവ്, ലക്ഷ്മിപ്രിയ എന്നിവരാണ് മറ്റ് ഗായകർ. ബിസിനസ് താത്പര്യങ്ങൾക്കുപരിയായി സംഗീതലോകത്തേക്ക് കടന്നുവരുന്ന യുവതലമുറയ്ക്ക് പ്രോത്സാഹനവും അവസരങ്ങളും പ്രദാനം ചെയ്യുക എന്നതാണ് ഈ സംരംഭംകൊണ്ട് ലക്ഷ്യമിടുന്നതെന്ന് ഉദയാ ഗ്രൂപ്പ് സി.ഇ.ഒ കെ. ഉദയകുമാർ പറഞ്ഞു.

## പ്രവർത്തക സമ്മേളനം

തിരുവനന്തപുരം: സംസ്ഥാനത്തെ പല ട്രേഡ് യൂണിയൻ നേതാക്കളും ടാറ്റ അടക്കമുള്ള കുത്തക മുതലാളിമാരുടെ പറ്റുകാരും, പാദസേവകരും ഏജന്റുമാരുമായി മാറിയതാണ് തൊഴിലാളികൾ നേരിടുന്ന വലിയ പ്രതിസന്ധിയെന്ന് സി.എം.പി പോളിറ്റ് ബ്യൂറോ അംഗം അഡ്വ. ജി. സുഗുണൻ പ്രസ്താവിച്ചു. കേരള എസ്റ്റേറ്റ് വർക്കേഴ്സ് യൂണിയൻ (എച്ച്.എം.എസ്) പ്രവർത്തക സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മോഹനചന്ദ്രൻ അദ്ധ്യക്ഷത വഹിച്ചു. എം.എം. അഷറഫ്, ഇ.എ. ലത്തീഫ്, ആനപ്പാറ ലാൽ, നല്ലിക്കുഴി ഗോപി, ഉഴമലയ്ക്കൽ സലിം, പി.എസ്. മുരുകൻ തുടങ്ങിയവർ പ്രസംഗിച്ചു.

## ഹാന്റക്സ് ഭരണം പിടിക്കാൻ ശ്രമം

തിരുവനന്തപുരം: ഹാന്റക്സ് തിരഞ്ഞെടുപ്പിൽ എൽ.ഡി.എഫ് തത്വത്തിൽ പരാജയപ്പെട്ടെങ്കിലും കോടതി പരിഗണനയിലുള്ള വോട്ടുകളുടെ അന്തിമ തീരുമാനം വരുന്നതിനു മുമ്പ് യു.ഡി. എഫിൽ നിന്നു ഭരണം പിടിച്ചെടുക്കാൻ സർക്കാർ സഹായത്തോടെ ശ്രമിക്കുകയാണെന്ന് ഐ.എൻ.ടി.യു.സി അഖിലേന്ത്യാ വർക്കിംഗ് കമ്മിറ്റി അംഗം അഡ്വ. ജി. സുബോധൻ കുറ്റപ്പെടുത്തി.

## ഷൂട്ട് @ സൈറ്റ്



അഴകിന്റെ അസ്ത്രച്ചിറക്: നീലാകാശത്തേക്ക് തൊടുത്തുവിട്ട ചിറകുള്ള ഈ 'ശരങ്ങൾ' തിരുനെൽവേലിക്കടുത്ത് കൂന്തകുളത്തു നിന്നുള്ള കാഴ്ചയാണ്. സൈബീരിയയിൽ നിന്നെത്തിയ ഫ്ളെമിംഗോ ദേശാടനപ്പക്ഷികളാണ് കൂന്തകുളത്തെ പക്ഷിസൗന്ദര്യത്തിന്റെ സ്വർഗഭൂമിയാക്കുന്നത്. ജനുവരി മുതൽ മാർച്ച് വരെയാണ് ഇവയുടെ ദേശാടനകാലം.

*-ഫോട്ടോ: എസ്. ജയചന്ദ്രൻ*

## സർവകലാശാലയ്ക്കെതിരായ അന്യായം തള്ളി

തിരുവനന്തപുരം: കേരള സർവകലാശാല ചുറ്റുമതിൽ നിർമ്മിച്ചു വഴി തടസ്സപ്പെടുത്തുന്നുവെന്നും ചുറ്റുമതിൽ നിർമ്മാണത്തിൽ നിന്ന് സർവകലാശാലയെ വിലക്കണമെന്നും ആവശ്യപ്പെട്ട് കാര്യവട്ടം കാമ്പസിന്റെ സമീപവാസികളായ 15 പേർ തിരുവനന്തപുരം മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത അന്യായം തള്ളി കോടതി ഉത്തരവായി.

## ഉത്തരവ് സ്റ്റേ ചെയ്തു

തിരുവനന്തപുരം: സ്റ്റേറ്റ് വെയർ ഹൗസിംഗ് കോർപ്പറേഷൻ എം.ഡി നയപരമായും ഭരണപരമായുമുള്ള തീരുമാനങ്ങൾ എടുക്കരുതെന്ന ലോകായുക്ത ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ് ഹൈക്കോടതി സ്റ്റേ ചെയ്തു. കോർപ്പറേഷന്റെ എംപ്ളോയീസ് യൂണിയൻ പ്രസിഡന്റ് ഫയൽ ചെയ്ത കേസിലാണ് ലോകായുക്ത ഉത്തരവ് പുറപ്പെടുവിച്ചിരുന്നത്.

## അരുവിപ്പുറം പ്രതിഷ്ഠാ വാർഷികം

## തീർത്ഥാടന ഘോഷയാത്ര 12ന്

തിരുവനന്തപുരം: അരുവിപ്പുറം പ്രതിഷ്ഠയുടെ 122-ാം വാർഷികത്തോടനുബന്ധിച്ച് സ്വാമി ശാശ്വതികാനന്ദ ട്രസ്റ്റ് ചെയർമാൻ അമ്പലത്തറ ചന്ദ്രബാബുവിന്റെ നേതൃത്വത്തിൽ തീർത്ഥാടന ഘോഷയാത്ര 12 ന് ചെമ്പഴന്തി ഗുരുകുലത്തിൽ നിന്ന് തിരിക്കും.

രാവിലെ 9 ന് ചെമ്പഴന്തി ഗുരുകുലം സെക്രട്ടറി സ്വാമി അരൂപാനന്ദ ജാഥാക്യാപ്ടന് പീതപതാക കൈമാറും. മന്ത്രിമാർ, എം.എൽ.എമാർ, രാഷ്ട്രീയ- സാമൂഹ്യ നേതാക്കൾ തുടങ്ങി നിരവധിപേർ പങ്കെടുക്കും. ചെക്കാലമുക്ക്, ശ്രീകാര്യം, പോങ്ങുംമൂട്, ഉള്ളൂർ, കേശവദാസപുരം, പി.എം.ജി, പാളയം, സ്റ്റാച്യൂ, ഓവർബ്രിഡ്ജ് തമ്പാനൂർ, കിള്ളിപ്പാലം, കരമന, പാപ്പനംകോട്, പ്രാവച്ചമ്പലം, വെടിവച്ചാൻകോവിൽ, ബാലരാമപുരം, നെയ്യാറ്റിൻകര എന്നിവിടങ്ങളിൽ ഘോഷയാത്രയ്ക്ക് സ്വീകരണം നൽകും. ഉച്ചയ്ക്ക് 12.30 ന് അരുവിപ്പുറം മഠം സെക്രട്ടറി സ്വാമി സാന്ദ്രാനന്ദ പതാക സ്വീകരിക്കുന്നതോടെ ഘോഷയാത്ര സമാപിക്കും. തുടർന്ന് ഗുരുപൂജ നടക്കും.

## ദമ്പതികളെ ആക്രമിച്ച കേസ് പ്രതികളെ കോടതിയിൽ ഹാജരാക്കാതെ വിട്ടു

തിരുവനന്തപുരം: ദമ്പതികളെ സിനിമാതിയേറ്ററിൽ ആക്രമിച്ചകേസിലെ പ്രതികളെ കോടതിയിൽ ഹാജരാക്കാതെ പൊലീസ് സ്റ്റേഷനിൽ നിന്ന് ജാമ്യം നല്കി വിട്ടു. ഞായറാഴ്ച രാത്രി അജന്ത തിയേറ്ററിൽ സിനിമകാണാനെത്തിയ ദമ്പതികളെ 11 അംഗസംഘം ശല്യപ്പെടുത്തുകയും അത് ചോദ്യംചെയ്തപ്പോൾ കൂട്ടംചേർന്ന് ആക്രമിക്കുകയുമായിരുന്നു. സ്ത്രീകളെ ഉപദ്രവിച്ചതിന് 354 വകുപ്പും അന്യായമായി സംഘംചേർന്ന് മർദ്ദിച്ചതിന് 143-147 വകുപ്പുകൾ പ്രകാരവുമാണ് കേസെടുത്തിരുന്നത്. പുതിയ ഭേദഗതി അനുസരിച്ച് 354 ജാമ്യമില്ലാവകുപ്പാണ്. കോടതി പിരിയുന്നതുവരെ പ്രതികളെ ഹാജരാക്കുന്നതുകാത്ത് മാധ്യമപ്രവർത്തകർ നിന്നെങ്കിലും കോടതി പിരിഞ്ഞശേഷം എഫ്.ഐ.ആർ മാത്രം പൊലീസ് കൊണ്ടുവരികയായിരുന്നു. പ്രതികൾക്ക് പൊലീസ് സ്റ്റേഷനിൽ തന്നെ ജാമ്യം അനുവദിച്ചെന്നും ഇങ്ങനെ ചെയ്യാൻ നിയമമുണ്ടെന്നും പുതിയ ഭേദഗതിക്ക് വിജ്ഞാപനം ആയിട്ടില്ലെന്നും പൊലീസ് പറഞ്ഞു.

## സ്ത്രീകളെ ശല്യം ചെയ്താൽ ഉടൻ പൊക്കും: കമ്മിഷണർ

തിരുവനന്തപുരം: സിനിമാ തിയേറ്ററിനുള്ളിൽ സ്ത്രീകളെ ശല്യം ചെയ്താൽ അപ്പോൾ പൊക്കും. ഇതിനായി സിറ്റി പൊലീസ് കമ്മിഷണർ എല്ലാ പൊലീസ് സ്റ്റേഷനുകൾക്കും മൂന്ന് നിർദ്ദേശം നൽകി.

- തിയേറ്ററിൽ തിരക്കുള്ള സമയങ്ങളിൽ പൊലീസ് പട്രോൾ നടത്തുക.
- സിനിമ നടന്നുകൊണ്ടിരിക്കെ പൊലീസിന്റെ സാന്നിദ്ധ്യം ഉണ്ടെന്നറിയിക്കാൻ തിയേറ്ററിനുള്ളിൽ കയറുക.
- സ്ത്രീകൾക്ക് ശല്യം ഉണ്ടായാൽ ഉടൻ ക്രൈം സ്റ്റോപ്പർ നമ്പരായ 100 അല്ലെങ്കിൽ 1090 ലേക്ക് എസ്.എം.എസ് അയയ്ക്കുക. ഏത് തിയേറ്റർ, സീറ്റ് നമ്പർ എന്നിവകൂടി എസ്.എം.എസിൽ കാണിക്കുക. പൊലീസ് ഉടനെത്തും.

*ഈ മൂന്ന് നിർദ്ദേശങ്ങളടങ്ങിയ സ്ളൈഡ് തിയേറ്ററിൽ പ്രദർശിപ്പിക്കും. കഴിഞ്ഞദിവസം അജന്ത തിയേറ്ററിൽ സിനിമ കണ്ടുകൊണ്ടിരുന്ന ദമ്പതികൾക്ക് നേരെയുണ്ടായ അക്രമത്തെ തുടർന്നാണ് നിർദ്ദേശം നൽകിയത്.*

## സിനിമ

| | | |
|---|---|---|
| ന്യൂ | (2323244) | : ബോഡി ഗാർഡ് (11.00, 2.30, 6.00,9.30) |
| ശ്രീകുമാർ | (2331222) | :: ഷോ ഇല്ല |
| ശ്രീവിശാഖ് | (2331222 | :: ഷോ ഇല്ല |
| ശ്രീപത്മനാഭ | (2473999) | :: അവതാർ (11.00, 2.30,6.15,9.30) |
| അജന്ത | (2472825) | : ചട്ടമ്പിനാട് (11.15,2.15,6.15,9.15) |
| പാർത്ഥാസ് | (2474959) | :: വേട്ടൈക്കാരൻ (തമിഴ്) (11.15,2.30,6.15, 9.30) |
| കൃപ | (2471655) | : ദ്രോണ (മലയാളം) (11.30, 2.30, 6.15, 9.30) |
| സെൻട്രൽ | (2462865) | :: ഗാർഡൻ ഓഫ് ദി ഈഡൻ |
| കൈരളി | (3013030) | :: യുഗപുരുഷൻ (മലയാളം) (11. 30, 2.30,6.30,9.30) |
| ശ്രീ | (3013030) | : തത്വമസി(11. 30 ,2.30,6.30,9.30) |
| കലാഭവൻ | (2322314) | :: മൈ ബിഗ് ഫാദർ ( . 6.15, 9.30) |
| ധന്യ | (2476773) | : ഹാപ്പി ഹസ്ബന്റ്സ് (11.30, 2.30, 6.15, 9.30) |
| രമ്യ | (2476773) | : സീനിയർ മാൻഡ്രേക്ക് (10.45, 2.15, 6.15, ) |
| അതുല്യ | (2475579) | :: ആര്യ II (11.30, 2.30, 6.30, 9.30) |
| അഞ്ജലി | (2475579) | :: അസൽ |
| ആതിര | (2475579) | :: ജംഗു ഭായി (ഹിന്ദി) (11.30, 2.30, 6.30, 30) |
| അശ്വതി | (2475579) | : ആയിരത്തിൽ ഒരുവൻ (11.30,2.30,6.30,9.30) |
| ശ്രീബാല | (2478872) | :: ഈവ് ടീസിംഗ് (11.30, 2.30, 6.30, 9.30) |
| കഴക്കൂട്ടം കൃഷ്ണ | (3251535) | :: നീലത്താമര (10.30, 2.30, 6.15, 10.00) |
| വെട്ടുറോഡ് ഹരിശ്രീ | (3256464) | :: മൈ ബിഗ് ഫാദർ (മലയാളം) (3.00, 6.30, 9.30) |
| ബാലരാമപുരം ഉണ്ണി | (2405610) | :: പേരാൺമൈ (തമിഴ്) (2.30, 6.30, 9.30) |
| ആറ്റിങ്ങൽ ഡ്രീംസ് | (628997) | : ഹാപ്പി ഹസ്ബന്റ്സ് (മലയാളം) (11.00,2.45,6.30,9.45) |
| ആറ്റിങ്ങൽ ഗംഗ | (2629973) | : ബോഡി ഗാർഡ്(11.00,2.30, 6.30, 9.30) |
| ആറ്റിങ്ങൽ യമുന | (2629973) | : ചട്ടമ്പിനാട് (11.30, 2.30) ഇവിടം സ്വർഗമാണ്(6.30, 9.30) |
| ആറ്റിങ്ങൽ കാവേരി | | :: ദ്രോണ (മലയാളം) (11.15, 2.15, 6.15, 9.15) |
| ആറ്റിങ്ങൽ വൈശാഖ് | (9947766777) | :: സീനിയർ മാൻഡ്രേക്ക് (11.30,2.30,6.30,9.30) |
| ആറ്റിങ്ങൽ പാരഡൈസ് | (3291113) | : മൈ ബിഗ് ഫാദർ (മലയാളം) |
| ആറ്റിങ്ങൽ തപസ്യ | (620920) | :: യുഗപുരുഷൻ (മലയാളം) (11, 2.45, 6.30,9.45) |
| ആറ്റിങ്ങൽ ഗൗരി | | : ആര്യ II (11.30,3.00,6.30,9.45) |
| നെടുമങ്ങാട് സൂര്യ | (2802223) | : ദ്രോണ (മലയാളം) (11.00, 2.30, 6.15, 9.30) |
| നെടുമങ്ങാട് ശക്തി | (2813259) | :: യുഗപുരുഷൻ (മലയാളം) (11, 2.30, 6.15, 9.30) |
| നെടുമങ്ങാട് റാണി | (2802240) | : ഹാപ്പി ഹസ്ബന്റ്സ് (മലയാളം) (11.00,2.30,6.15,9.30) |
| നെടുമങ്ങാട് സി.പി | (2812571) | : ബോഡി ഗാർഡ് (11.2.30,6.15,9.30) |
| പെരിങ്ങമ്മല അശ്വതി | (2400394) | :: മൈ ബിഗ് ഫാദർ (മലയാളം) (2.30,6.30,9.30) |
| വർക്കല എസ്.ആർ | (2602339) | :: ബോഡിഗാർഡ് (11,3,6.30,9.45) |
| വർക്കല വിമല | (2605700) | :: ദ്രോണ (മലയാളം) (11,30,6.30,9.45) |
| വർക്കല സ്റ്റാർ സിനിമ | (2602344) | :: ആര്യ II (11,30, 3.00, 6.30, 9.45) |
| പോത്തൻകോട് ഹരികൃഷ്ണ | | : മൈ ബിഗ് ഫാദർ (മലയാളം) |
| പാറശ്ശാല പടന്താലുംമൂട് ഐ.എം.പി | | : ദ്രോണ (മലയാളം) |
| പോത്തൻകോട് എം. ടി സിനിമ | | : കാതൽ കഥൈ (2.45, 6.30,9.30) |

## ഇന്ന്

തമ്പാനൂർ ബസ് ടെർമിനൽ ശിലാസ്ഥാപനം മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ - വൈകിട്ട് 5.30ന്.

ജനതാദൾ എസ് ഏകീകരണ സമ്മേളനം ഉദ്ഘാടനം എം.പി. വീരേന്ദ്രകുമാർ വൈ.എം.സി.എ ഹാളിൽ - ഉച്ചയ്ക്ക് 2.30 ന്

കെ.എ.എം.എ സംസ്ഥാന സമ്മേളനം അദ്ധ്യാപക ഭവനിൽ - രാവിലെ 10 മുതൽ

വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ പ്രോജക്ട് ഏരിയയുടെ ആഭിമുഖ്യത്തിൽ പച്ചക്കറി കൃഷിയിൽ പരിശീലനം വി.എഫ്.പി.സി.കെയുടെ പരിശീലന കേന്ദ്രത്തിൽ- രാവിലെ 10 മുതൽ

കേരള അക്കാഡമി ഓഫ് സയൻസിന്റെ ശില്പശാല ഉദ്ഘാടനം കേരള സർവകലാശാല വൈസ് ചാൻസലർ പ്രൊഫ. എ. ജയകൃഷ്ണൻ പട്ടം ശാസ്ത്രഭവനിൽ-രാവിലെ 10 ന്

കേരള ലാൻഡ് റവന്യൂ സ്റ്റാഫ് അസോസിയേഷൻ വെബ്സൈറ്റ് ഉദ്ഘാടനം പബ്ളിക് റിലേഷൻസ് ഡയറക്ടർ എം. നന്ദകുമാർ റവന്യൂ ഭവനിൽ - വൈകിട്ട് 4 ന്

ആൽക്കഹോളിക്സ് അനോനിമസ് യോഗം വെള്ളയമ്പലം ടി.എസ്.എസ് ഹാളിൽ -വൈകിട്ട് 6.30 ന്

തലയൽ മേജർ ശ്രീ ഭരദ്വാജ ഋഷീശ്വര ശിവക്ഷേത്രത്തിൽ രാത്രി 9.30 ന് താരസാമ്രാജ്യം - കോമഡി ഷോ

കനകക്കുന്നിൽ വിസ്മയം പ്രദർശനം, വൈകിട്ട് 6.30 ന് നാടൻപാട്ടുകൾ

മരുതംകുഴി ഉദിയന്നൂർ ക്ഷേത്രത്തിൽ രാവിലെ 9 ന് കുങ്കുമാഭിഷേകം, വൈകിട്ട് 6.30 ന് മുഴുക്കാപ്പും പൂജയും

കുഴിവിള കുന്നത്തോട് ശ്രീമാടൻനട തമ്പുരാൻ ക്ഷേത്രത്തിൽ രാത്രി 8.30 ന് അജ്ഞാതശത്രു നൃത്തസംഗീത നാടകം

ശ്രീവരാഹം അയോദ്ധ്യാനഗർ ശ്രീപാണ്ഡുരങ്ക ക്ഷേത്രത്തിൽ അഭിഷേകവും ഭജനയും വൈകിട്ട് 5.30ന്.